വിപണിയിലെ മത്സരവും ഉടങ്ങി വിവിധ കാര്യങ്ങൾ പരിഗണിച്ചതിനുശേഷമാണ് മിൽമയുടെ ഭരണസമിതി പാലിന്റെ സംഭരണവില നിശ്ചയിക്കുന്നത്. മിൽമ പാലിന്റെ വില നിശ്ചയിക്കുമ്പോൾ കർഷകർക്ക് ഏറ്റവും പ്രയോജനപ്പെടുന്ന രീതിയിൽ തന്നെയാണ് തീരുമാനം കൈക്കൊള്ളുന്നത്.

(ബി&സി) മിൽമയിലെ നിലവിലെ പാൽ സംഭരണ ചാർട്ടിലെ അപാകതമൂലം കർഷകർക്ക് പാലിന് ന്യായമായ വില ലഭിക്കുന്നില്ലെന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. കർഷകർക്ക് ന്യായവില ലഭിക്കുന്നതിലേക്കായി മിൽക്ക് ചാർട്ട് പരിഷ്കരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി മുഖാന്തരം ഒരു പഠനം നടത്തുകയും അവർ തങ്ങളുടെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ പാൽ സംഭരണ ചാർട്ട് പരിഷ്കരിക്കുന്നതിലേക്കായി ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് പഠനം നടത്തുന്നതിന് സർക്കാർ തീരുമാനം കൈക്കൊള്ളുകയും National Dairy Research Institute ഡയറക്ടറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

കെ. രാഘവൻ മാസ്റ്റർക്ക് തലശ്ശേരിയിൽ സ്മാരകം

93 (1529) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രശസ്ത സംഗീതജ്ഞൻ കെ. രാഘവൻ മാസ്റ്റർക്ക് തലശ്ശേരിയിൽ സ്മാരകം പണിയണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കെ. രാഘവൻ മാസ്റ്ററുടെ സ്മരണാർത്ഥം തലശ്ശേരിയിൽ സ്മൃതിമണ്ഡപവും പ്രതിമയും സ്ഥാപിക്കുന്നതിന് തലശ്ശേരി നഗരസഭ 25.50 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി സർക്കാർ ധനസഹായം ആവശ്യപ്പെട്ടിരുന്നു. കെ. രാഘവൻ മാസ്റ്റർ സ്മാരക നിർമ്മാണത്തിന് സർക്കാർ വിഹിതമായി 15 ലക്ഷം രൂപ തലശ്ശേരി നഗരസഭയ്ക്ക് അനുവദിക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ച് ധനവകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്.

(സി) സാംസ്കാരിക വകുപ്പ് നേരിട്ട് സ്മാരക/പ്രതിമ നിർമ്മാണം ഏറ്റെടുത്ത് നടത്താറില്ല. ഇക ലഭ്യമാകുന്ന മുറയ്ക്ക് നഗരസഭയ്ക്ക് സ്മാരക നിർമ്മാണം ആരംഭിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly